**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3229** | **19.06.2018-ൽ മറുപടിയ്ക്ക്** |

**സ്വകാര്യ കേബിൾ കമ്പനികളിൽ നിന്ന് ഫീസ് ഈടാക്കുന്നതിന് വിലക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | റോഡ് കുഴിച്ച് കേബിൾ സ്ഥാപിക്കുന്നതിന് സ്വകാര്യ കമ്പനികളിൽ നിന്ന് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാൻ കഴിയുന്ന ഫീസുകളുടെയും വാടകകളുടെയും നിരക്കുകൾ വിശദമാക്കാമോ; | (എ) | റോഡ് കുഴിച്ച് കേബിൾ സ്ഥാപിക്കുന്നതിന് സ്വകാര്യ കമ്പനികളിൽ നിന്ന് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാൻ കഴിയുന്ന ഫീസുകളുടെയും വാടകകളുടെയും നിരക്കുകൾ പ്രത്യേകമായി നിശ്ചയിച്ച് നൽകിയിട്ടില്ല. കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയം 2013 ൽ പുറത്തിറക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി, ടെലിക്കോം സേവന ദാതാകൾക്കും, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സിനും സംസ്ഥാനത്തെ റോഡ് ശൃംഖലകളിൽ കൂടി ഓപ്റ്റിക്കൽ ഫൈബർ കേബിൾ (ഒ.എഫ്.സി.) ഇടുന്നതിന് RoW അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് 15.09.2015 ലെ സ.ഉ. (കൈ) നം 39/2015/വി.സ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ പ്രകാരം ടെലിക്കോം സേവന ദാതാക്കൾ RoW അനുമതിക്കായി **ഒരു കിലോമീറ്ററിന് 75000/- രൂപ** എന്ന നിരക്കിൽ One Time Contribution അടക്കേണ്ടതാണ്. കൂടാതെ ഷോൾഡർ കട്ടിംഗ്, ബി.റ്റി.സർഫസ് കട്ടിംഗ്, ഒ.എഫ്.സി.വർക്സ് എന്നിവയ്ക്കായി ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ നിരക്കിലുള്ള റിസ്റ്റോറേഷൻ ചാർജ്ജസ് മുൻകൂറായി ടെലികോം സേനവ ദാതാക്കൾ റോഡ് അധികാരികൾക്ക് നൽകേണ്ടതാണ്. ഇപ്രകാരം One Time Contribution നും റിസ്റ്റോറേഷൻ ചാർജ്ജസും അല്ലാതെ മറ്റൊരു പേരിലുള്ള യാതൊരു തുകയും ടെലികോം സേനവ ദാതാക്കളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. അതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് RoW അനുമതിക്കായി ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള / നിശ്ചയിക്കുന്ന ഫീസും കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള റോഡ് കട്ടിംഗ് & റീസ്റ്റോറേഷൻ ചാർജ്ജുകളും അല്ലാതെ മറ്റൊരു ഫീസും (ട്രാക്ക് റെന്റ്, യൂസർ ഫീ, തറവാടക തുടങ്ങിയവ) ടെലിക്കോം സേവനദാതാക്കളിൽ നിന്നും |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കാൻ പാടില്ലാ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള പി.ഡബ്ല്യു.ഡി. നിരക്ക് ചുവടെ ചേർക്കുന്നു.<br>BM & BC – Rs. 3837.37/m2<br>20 mm open grade CC – Rs. 3495.76/m2<br>Concrete road – Rs. 4606.15/m2<br>Interlocking tiles surface road – Rs. 4551.75/m2<br>Earthern surface – Rs. 820.39/m2<br>Water bond Macadom surface – Rs. 1481.47/m2 |
| (ബി) | റോഡു കുഴിച്ച് ഓപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിന് റിലയൻസ് കമ്പനിയിൽ നിന്നും ട്രാക്ക് റെന്റ്, യൂസർഫീ, തറവാടക തുടങ്ങിയ ഇനങ്ങളിൽ ഒരു ഫീസും ഈടാക്കാൻ പാടില്ല എന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് RoW അനുമതിക്കായി ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള / നിശ്ചയിക്കുന്ന ഫീസും കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള റോഡ് കട്ടിംഗ് & റീസ്റ്റോറേഷൻ ചാർജ്ജുകളും അല്ലാതെ മറ്റൊരു ഫീസും (ട്രാക്ക് റെന്റ്, യൂസർ ഫീ, തറവാടക തുടങ്ങിയവ) ടെലിക്കോം സേവനദാതാക്കളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കാൻ പാടില്ലാ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | മുൻപ് കേബിളുകൾ സ്ഥാപിച്ച ഇനത്തിൽ വൻതുക അടയ്ക്കാനുള്ളതിനാൽ പിഴ ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും റിലയൻസിന് നോട്ടീസ് അയയ്ക്കുകയുണ്ടായോ; | (സി) യും (ഡി) യും (ഇ) യും | അനധികൃതമായി ക്ലെയിം ചെയ്തിട്ടുള്ള ഫീസുകൾക്ക് നിയമപരമായി പിഴ ഈടാക്കാനാകില്ല. ഒ.എഫ്.സി. കേബിൾ ഇടുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇലക്ട്രോണിക്സും വിവരസാങ്കേതികയും വിദ്യയും വകുപ്പും പൊതുമരാമത്തു വകുപ്പും നിശ്ചയിച്ചിട്ടുള്ള ഫീസുകൾ നിയമാനുസരണം ഈടാക്കുന്നതിന് യാതൊരു തടസ്സവുമില്ല. അധിക നിരക്കും അനധികൃത ഫീസുകളും ഈടാക്കരുതെന്ന് മാത്രമേ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളൂ. അതിനാൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന വരുമാനകുറവിനെ നഷ്ടമായി കണക്കാക്കാനാകില്ല. |
| (ഡി) | എങ്കിൽ പുതിയ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ തുകകൾ ഈടാക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടാകുമോ; | | |
| (ഇ) | എങ്കിൽ ഇവ മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കനത്ത വരുമാന നഷ്ടമുണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; | | |

സെക്ഷൻ ഓഫീസർ